പതിന്നാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1297 10/08/2017 ൽ മറുപടിയ്ക്ക്

## നെടുമങ്ങാട് താലൂക്കിലെ റീസർവ്വേ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.എം.മാണി | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | നെടുമങ്ങാട് താലൂക്കിൽ റീസർവ്വേ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) | നെടുമങ്ങാട് താലൂക്കിൽ ആകെയുള്ള 25 വില്ലേജുകളിൽ 17 വില്ലേജുകളിൽ റീസർവ്വേ പൂർത്തിയായി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 2 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള ആക്ട് സെക്ഷൻ(13) പ്രസിദ്ധപ്പെടുത്തി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശേഷിക്കുന്ന 6 വില്ലേജുകളുടെ റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ജോലികൾ പുരോഗതിയിലാണ്. |
| (ബി) | നെടുമങ്ങാട് താലൂക്കിലെ കരിപ്പൂർ വില്ലേജിൽ റീസർവ്വെയുടെ ഭാഗമായി അവകാശ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട് ; | (ബി) | റീസർവ്വെയുടെ ഭാഗമായി അവകാശ പോക്കുവരവ് ചെയ്യുന്നതിലേയ്ക്കുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നില്ല. എന്നാൽ റീസർവ്വേ സംബന്ധിച്ച് 1215 പരാതികൾ തീർപ്പ് കൽപ്പിക്കുവാൻ ബാക്കിയുണ്ട്. |
| (സി) | ഈ അപേക്ഷകൾ വർഷങ്ങളായി തീർപ്പാക്കാതിരിക്കുന്നത് മൂലം നികുതിയടച്ചുകൊണ്ടിരുന്നവർക്ക് ഇപ്പോൾ നികുതിയടയ്ക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. 2013 ലാണ് കരിപ്പൂർ വില്ലേജിൽ റീസർവ്വേ നിലവിൽ വന്നത്. റീസർവ്വേയ്ക്ക് ശേഷം കരമടയ്ക്കാൻ സാധിക്കാത്തവരുടെ പരാതി തീർപ്പാക്കി വരുന്നു; |
| (ഡി) | കെട്ടിക്കിടക്കുന്ന അപേക്ഷകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | പരാതികളുടെ തീർപ്പാക്കൽ സംബന്ധിച്ച് അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നുണ്ട്. കൂടുതൽ സർവ്വേയർമാരുടെ സേവനം പ്രയോജനപ്പെടുത്തി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ